**File No. DT/1880/2020- C1**

ഭരണ ഭാഷ - മാതൃഭാഷ

**വ്യാവസായിക പരിശീലന വകുപ്പ്**

(കേരള സംസ്ഥാനം)

**പ്രൈവറ്റ് ഐ.ടി.ഐ പ്രോസ്പെക്ടസ്**
**വളരെ അത്യാവശ്യം**
**സമയബന്ധിതം**
**(ഇ- മെയിൽ മുഖേന)**

നം. DT/1880/2020 -C1

തൊഴിൽ ഭവൻ, തിരുവനന്തപുരം.33
തിയതി: 15.06.2020

പ്രേഷിതൻ
ട്രെയിനിംഗ് ഡയറക്ടർ

സ്വീകർത്താവ്
എല്ലാ ഗവ.ഐ.ടി.ഐ/ ബി.റ്റി.സി പ്രിൻസിപ്പാൾമാർക്കും
ആർ.ഐ സെന്റർ ട്രെയിനിംഗ് ഓഫീസർമാർക്കും

സർ,

വിഷയം വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ്- 2020 ആഗസ്റ്റ് സെഷൻ പ്രൈവറ്റ് ഐ.ടി.ഐകളിലെ റഗുലർ ട്രെയിനികളുടെ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് തയ്യാറാക്കുന്നത് - സംബന്ധിച്ച്.

സൂചന:- 17.11.2015 ലെ DGT-6/Gen/2015-TC നമ്പർ കത്ത്.

---------

2017-18 അഡ്മിഷൻ സെഷൻ മുതൽ സ്റ്റേറ്റ് ഡയറക്ടറേറ്റുകൾ ഓരോ അഡ്മിഷൻ സെഷനിലും അഡ്മിഷൻ നടത്തുന്ന പ്രൈവറ്റ് ഐ .ടി.ഐ കളുടെ പേരുകൾ ഉൾപ്പെടുത്തി പ്രൈവറ്റ് ഐ .ടി.ഐ പ്രോസ്പെക്ടസ് പ്രസിദ്ധീകരിക്കണമെന്ന നിർദ്ദേശം സൂചന കത്ത് പ്രകാരം ഡി .ജി.റ്റിയിൽ നിന്നും ലഭിച്ചിരുന്നു. ആയതിലേക്ക് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന ലിസ്റ്റിലുള്ള നോഡൽ സ്ഥാപന മേധാവികൾ അവരവരുടെ അധികാര പരിധിയിൽ വരുന്ന പ്രൈവറ്റ് ഐ .ടി.ഐ കളുടെ വിവരങ്ങൾ, ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന പ്രൊഫോർമയിൽ രേഖപ്പെടുത്തി 22.06.2020 തിയ്യതിയ്ക്കകം ncvtprospectus2020@gmail.com എന്ന ഇ മെയിൽ വിലാസത്തിൽ നൽകേണ്ടതും ഹാർഡ് കോപ്പി ടി തിയ്യതിക്കകം തന്നെ ഈ കാര്യാലയത്തിൽ എത്തിക്കേണ്ടതുമാണ്.

എൻ.സി.വി.ടി എം.ഐ.എസ് പോർട്ടലിൽ ടി പ്രൈവറ്റ് ഐ.ടി.ഐ കളും അവയുടെ ട്രേഡുകളും (NSQF) നിലവിലുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ കഴിഞ്ഞ രണ്ട് വർഷങ്ങളിലോ (2018,2019) അതിൽ കൂടുതൽ വർഷങ്ങളിലോ പ്രവേശനം നടത്താതിരുന്നതും എന്നാൽ 2020 ആഗസ്റ്റ് സെഷനിൽ പ്രവേശനം നടത്താനാഗ്രഹിക്കുന്നതുമായ സ്വകാര്യ ഐ.ടി.ഐ കൾ ഉണ്ടെങ്കിൽ, ടി വിവരം അതാത് നോഡൽ ഐ.ടി.ഐ കളെ പ്രൈവറ്റ് ഐ .ടി.ഐ മേധാവികൾ 18.06.2020 നകം രേഖാമൂലം അറിയിക്കേണ്ടതാണ്. ഇപ്രകാരം ലഭ്യമാകുന്ന വിവരങ്ങൾ അതാത് നോഡൽ സ്ഥാപന മേധാവികൾ 22.06.2020 തിയ്യതിക്കകം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. ടി സ്ഥാപനങ്ങളിലെ പ്രവേശന നടപടികൾ ഈ കാര്യാലയത്തിൽ നിന്നുള്ള അനുമതിയോടുകൂടി മാത്രമേ സ്വീകരിക്കുവാൻ പാടുള്ളൂ എന്ന് കൂടി അറിയിക്കുന്നു.

കോവിഡ് -19 മഹാമാരിയുമായി ബന്ധപ്പെട്ട് കാലതാമസം നേരിട്ട പ്രോസ്പെക്ടസ് പ്രസിദ്ധീകരണ നടപടികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനായി മേൽപ്പടി വിവരങ്ങൾ നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ കൃത്യമായി ലഭ്യമാക്കുവാൻ എല്ലാ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാരും ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**അഡീഷണൽ ഡയറക്ടർ**

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

ഉള്ളടക്കം:-1. പ്രൊഫോർമ
2. നോഡൽ സ്ഥാപന മേധാവികളുടെ ലിസ്റ്റ്.

പകർപ്പ്: 1. എല്ലാ പ്രൈവറ്റ് ഐ.ടി.ഐ മേധാവികൾക്കും ( വകുപ്പ് വെബ്സൈറ്റ് മുഖേന)
( എല്ലാ പ്രൈവറ്റ് ഐ.ടി.ഐ മേധാവികളും ....................നകം വിവരങ്ങൾ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക്/ ആർ.ഐ സെന്റർ ട്രെയിനിംഗ് ഓഫീസർമാർക്ക് നൽകേണ്ടതാണ്.സ്വകാര്യ ഐ .ടി.ഐ കളിൽ നിന്നും ഈ വിവരങ്ങൾ നേരിട്ട് ഈ കാര്യാലയത്തിലേക്ക് നൽകേണ്ടതില്ല.)
2. എല്ലാ ഐ.ടി.മാർക്കും (For Follow up Action)

**File No.DT/1880/2020-C1**

പ്രൈവറ്റ് ഐ.ടി.ഐ പ്രോസ്പെക്ടസ് 2020 തയ്യാറാക്കുന്നതിനുള്ള പ്രൊഫോർമ
നോഡൽ സ്ഥാപനത്തിന്റെ (ഐ.ടി.ഐ/ ആർ.ഐ സെന്റർ) പേര്

| ക്രമനം. | സ്വകാര്യ ഐ.ടി.ഐ യുടെ പേര് | പൂർണ്ണമായ മേൽവിലാസം | എം.ഐ എസ്. നമ്പർ | ഫോൺ നമ്പർ | ഇ.മെയിൽ ഐഡി | 2019 ൽ അഡ്മിഷൻ നടത്തിയിട്ടുണ്ടോ ( ഉണ്ട്/ഇല്ല) | ഉണ്ടെങ്കിൽ അഡ്മിഷൻ നടത്തിയ ട്രേഡുകളുടേയും യൂണിറ്റുകളുടേയും വിവരം | 2020 ആഗസ്റ്റ് സെഷനിൽ അഡ്മിഷൻ നടത്തുന്നുണ്ടോ( ഉണ്ട്/ഇല്ല) | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |

നോഡൽ സ്ഥാപന മേധാവിയുടെ പേരും ഔദ്യോഗിക മുദ്രയും

കുറിപ്പ്

1. ടി. സ്വകാര്യ ഐ.ടി.ഐ കളിൽ 2020 ആഗസ്റ്റ് സെഷനിൽ പ്രവേശനം നടത്തുന്നുണ്ടോ, ഇല്ലയോ എന്ന വിവരം അതാത് നോഡൽ സ്ഥാപന മേധാവികൾ , സ്വകാര്യ ഐ.ടി.ഐ മേധാവികളിൽ നിന്നും രേഖാമൂലം വാങ്ങേണ്ടതും , ആയത് നോഡൽ സ്ഥാപന മേധാവിയുടെ ഉത്തരവാദിത്വത്തിൽ സൂക്ഷിക്കേണ്ടതുമാണ്.
2. നോഡൽ സ്ഥാപനത്തിന്റെ കീഴിലുള്ള എല്ലാ പ്രൈവറ്റ് ഐ.ടി.ഐ കളുടേയും പേരുകൾ കോളം നമ്പർ 2 ൽ ഉൾപ്പെടുത്തേണ്ടതാണ്.
3. ടി സ്ഥാപനത്തിന്റെ പ്രവർത്തനം / അഡ്മിഷൻ സംബന്ധിച്ച എന്തെങ്കിലും തടസ്സങ്ങൾ വകുപ്പ് / ഡി.ജി.റ്റി പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയത് റിമാർക്സ് കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

**അഡീഷണൽ ഡയറക്ടർ**

**ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി**

എസ്.ഇ 15.06.2020